**10, +2 കുട്ടികൾക്കായുള്ള പഠനാനുഭവധ്യാനം നെസ്റ്റിൽ** വച്ച് സെപ്റ്റംബർ 11-ന് വൈകിട്ട് 4.00 മണിക്ക് ആരംഭിച്ച് 14-ന് രാവിലെ അവസാനിക്കുന്നു. പങ്കെടു ക്കുന്ന കുട്ടികളുടെ പേരുവിവരം മുൻകൂട്ടി ഓഫീസിൽ അറിയിക്കേണ്ടതാണ്.

*KCSL 37/2016* **എക്സലൻസ് അവാർഡ്**

എക്സലൻസ് അവാർഡ് പ്രാഥമിക റൗണ്ട് **സെപ്റ്റംബർ 30-ന്** സ്കൂൾ തലത്തിൽ നടത്തി മികച്ച 5 കുട്ടികളെ ഫൈനൽ റൗണ്ടിലേക്കു മത്സരിപ്പിക്കാവുന്നതാണ്. പങ്കെടുക്കുന്ന ഓരോ കുട്ടിക്കും 5 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും. രജിസ്ട്രേഷൻ തുകയും എണ്ണവും **സെപ്റ്റംബർ 16-ന്** മുമ്പ് ഓഫീസിൽ എത്തിക്കണം.

വി. യോഹന്നാന്റെ സുവിശേഷം 13-17 അധ്യായങ്ങൾ, കെ.സി. എസ്.എൽ ചരിത്രം, നിയമാവലി, ഈ വർഷത്തെ പാഠ ഉപപാഠ പുസ്തകങ്ങൾ, ബൈബിൾ, സഭാ അറിവ്, പ്രായോഗിക ബുദ്ധി, പൊതുവിജ്ഞാനം ഇവ എക്സലൻസ് അവാർഡ് മത്സരത്തിന്റെ പ്രത്യേക പഠനമേഖലകളായിരിക്കും.

*KCSL 38/2016* **കലോത്സവം പഠനക്കളരി മത്സരവിഷയം**

| | |
|---|---|
| യു.പി. വിഭാഗം | - *കരുണയുള്ള മനുഷ്യനാവുക ഇതാണ് ക്രൈസ്തവസാക്ഷ്യം* |
| എച്ച്.എസ്. വിഭാഗം | - *അനേകരുടെ ജീവിതവിളക്കുകളിൽ ഒഴിക്കുവാനുള്ള കരുണയാകണം നമ്മുടെ ജീവിതസമ്പത്ത്.* |
| എച്ച്.എസ്.എസ്. വിഭാഗം | - *അപരന്റെ ദുഃഖങ്ങൾ നമ്മുടേതാക്കി മാറ്റാനുള്ള ഒരു മനസ്സുമായി നമുക്കുണരാം.* |

*KCSL 39/2016* **കാരുണ്യസന്ദേശയാത്ര**

ആനിമേറ്റേഴ്സ് സംഗമത്തിൽ സൂചിപ്പിച്ചിരുന്നതുപോലെ കാരുണ്യവർഷം പ്രമാണിച്ച് സംസ്ഥാനതലത്തിൽ നടത്തപ്പെടുന്ന കാരുണ്യസന്ദേശയാത്ര **സെപ്റ്റംബർ 22-ന് തിരുവനന്തപുരത്തുനിന്നും** ആരംഭിക്കുന്നു. നമ്മുടെ രൂപതയിൽ യാത്ര എത്തിച്ചേരുമ്പോൾ ഉചിതമായ സ്വീകരണം നല്കുന്നതോടൊപ്പം നമ്മുടെ കാരുണ്യ പ്രവർത്തനഫലം കൈമാറേണ്ടത് അത്യാവശ്യമാണല്ലോ. ഇതി

നായി നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ നമുക്ക് ആവശ്യമില്ലാത്തതും എന്നാൽ, ഉപകാരപ്രദവുമായ വസ്തുക്കൾ (വസ്ത്രങ്ങൾ, മറ്റ് നിത്യോപയോഗസാധനങ്ങൾ, സാമ്പത്തികം എന്നിവ) യൂണിറ്റുകളിൽ ശേഖരിക്കുകയും അവ സെപ്റ്റംബർ 10-നകം (സാഹിത്യ മത്സരത്തിനു വരുമ്പോൾ) ഓഫീസിൽ എത്തിക്കുകയും ചെയ്യുമല്ലോ. **വസ്ത്രങ്ങൾ കവറിലാക്കുമ്പോൾ ഏത് പ്രായത്തിലുള്ളവർക്ക് (ആൺ/പെൺ തിരിച്ച്) ഉപകാരപ്പെടുന്നതാണെന്നു കവറിനു പുറത്തെഴുതണം.**

കാരുണ്യസന്ദേശയാത്രയുടെ സമാപനം നവംബർ 4, 5 തിയതികളിലായി നടക്കുമ്പോൾ കാരുണ്യവർഷത്തിന്റെ ചൈതന്യവും സന്ദേശവും ഉയർത്തിക്കാട്ടുന്ന ഈ വർഷത്തെ പാഠപുസ്തകം അടിസ്ഥാനമാക്കി ഒരു മത്സരം സംസ്ഥാനതലത്തിൽ സംഘടിപ്പിച്ചിരിക്കുന്നു. ഇതിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്ന കുട്ടികൾ **'ജീവനും ജീവിതവും സഹജീവികൾക്കായ്'** എന്ന പാഠപുസ്തകത്തിന്റെ ഒരു പേജിൽ കൂടാത്ത നിരൂപണക്കുറിപ്പ് (Review) തയ്യാറാക്കണം. ആനിമേറ്റേഴ്സ് നിരൂപണക്കുറിപ്പുകൾ വിഭാഗം തിരിച്ച് രൂപതാകേന്ദ്രത്തിൽ ഒക്ടോബർ 10-നകം എത്തിക്കണം. ഓരോ വിഭാഗത്തിലും രൂപതാ തലത്തിൽ മികച്ച 3 കുട്ടികളെ (I, II & III) സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കുന്നതാണ്. 'ജീവനും ജീവിതവും സഹജീവികൾക്കായ്' എന്ന പുസ്തകത്തിന്റെ ലേഖകനായ ബഹു. ചിറമേലച്ചൻതന്നെയാണു മത്സര വിജയികൾക്കുള്ള അവാർഡുകൾ സ്പോൺസർ ചെയ്തിരിക്കുന്നത്.

*KCSL 40/2016* **ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്**
**റീജിയണൽ മത്സരഫലം**

**കോതമംഗലം റീജിയൺ**

**എച്ച്. എസ്. എസ് വിഭാഗം**

I സെന്റ് അഗസ്റ്റിൻസ് ജി.എച്ച്.എസ്.എസ് കോതമംഗലം
(നിമ്മി ലാൽ, ദിവ്യ മാത്യു)
II സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.എസ്. പൈങ്ങോട്ടൂർ
(ബ്രില്യൺ ജോസ്, കെവിൻ ജോയ്)

**എച്ച്. എസ് വിഭാഗം**

I സെന്റ് അഗസ്റ്റിൻസ് ജി.എച്ച്.എസ്.എസ്. കോതമംഗലം
(സോന സാജു, ആൻജോ സാന്റി)
II സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് പൈങ്ങോട്ടൂർ
(ജോസ്വിൻ ഡെയ്ൻ, എയ്ഞ്ചൽ മേരി പ്രിയദാസ്)



**യു. പി. വിഭാഗം**

I ശോഭന പബ്ലിക് സ്കൂൾ കോതമംഗലം
(ജെയ്ന സജി, അൽക്കാ മേരി ജെയിംസ് )
II സെന്റ് ജോർജ് എച്ച്.എസ്.എസ്. കോതമംഗലം
(ആൽബിൻ ജോർജ്, ആൽബിൻ ജോസഫ്)

**തൊടുപുഴ റീജിയൺ**

**എച്ച്. എസ്. എസ് വിഭാഗം**

I ജയ്റാണി ഇ.എം.എച്ച്.എസ്.എസ്. തൊടുപുഴ
(അനീന വിത്സൺ, ആഷ്‌ലി പയസ്)

**എച്ച്. എസ് വിഭാഗം**

I ജയ്റാണി പബ്ലിക് സ്കൂൾ തൊടുപുഴ
(ലിന്റ ബാബു, ഹെലൻ ട്രീസ അഗസ്റ്റിൻ)
II ജയ്റാണി ഇ.എം.എച്ച്.എസ്.എസ്. തൊടുപുഴ
(ഡോണ ബെന്നി, ജിസ്മി ജോഷി)

**യു. പി. വിഭാഗം**

I ജയ്റാണി പബ്ലിക് സ്കൂൾ കാളിയാർ
(ആൻ ഗ്രേസ് ഫ്രാൻസിസ്, ജോവാന്ന മേരി ജോർജ്)
II സെന്റ് ജോസഫ് എച്ച്.എസ്.എസ്. കരിമണ്ണൂർ
(ആനന്ദ് ജോ നെടുംകല്ലേൽ, മരിയ സജി)

**മൂവാറ്റുപുഴ റീജിയൺ**

**എച്ച്. എസ്. എസ് വിഭാഗം**

I സെന്റ് അഗസ്റ്റിൻസ് ജി.എച്ച്.എസ്.എസ്. മൂവാറ്റുപുഴ
(ഷെഫി അഗസ്റ്റിൻ, അലീന മാത്യു)
II സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ പോത്താനിക്കാട്
(ആൽഫി ജോളി, ജിജ മേരി സാബു)

**എച്ച്. എസ് വിഭാഗം**

I എസ്.എൽ.റ്റി.എച്ച്.എസ് വാഴക്കുളം
(ദാനിയേൽ ഷാജി, എൽവിൻ വിനു)
II സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ പോത്താനിക്കാട്
(ആൽബർട്ട് സെബാസ്റ്റ്യൻ, അനെറ്റ് സെബാസ്റ്റ്യൻ)

**യു. പി. വിഭാഗം**

I സെന്റ് ജോസഫ് ജി.എച്ച്.എസ്. ആരക്കുഴ
(തെരേസ് മരിയ ജോസഫ്, ഡോണ സജി)

II വി.എം.എച്ച്.എസ്.എസ്. കദളിക്കാട്
(അഞ്ചന എലിസബത്ത് ബെന്നി, ആൻ വർഗ്ഗീസ്)

മത്സരിച്ചവർക്കും വിജയികളായവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

ഇന്റർ സ്കൂൾ ബൈബിൾ ക്വിസിന്റെ ഫൈനൽ ഒക്ടോബർ 21-ന് മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് ജി.എച്ച്.എസ്.എസിൽ ഉച്ചയ്ക്ക് 1 മണിക്ക് ആരംഭിക്കുന്നതാണ്.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)

*DFC 27/2016* **ആരാധനയും കുടുംബസംഗമവും നടത്തി**

ദീപികയുടെ വളർച്ചയ്ക്കുവേണ്ടി DFC യുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 6-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ആരാധനയും കുടുംബസംഗമവും നടത്തി. DFC ഫൊറോന ഭാരവാഹികളും അവരുടെ കുടുംബാംഗങ്ങളുമാണ് ഇതിൽ പങ്കെടുത്തത്. ശ്രീ. ബേബി ജോൺ കലയന്താനി ആരാധനയ്ക്കു നേതൃത്വം നൽകി. DFC രൂപത കോ-ഓർഡിനേറ്റർ ഫാ. സ്കറിയ പുന്നമറ്റത്തിൽ കുടുംബസംഗമത്തിൽ ക്ലാസ്സെടുത്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജിബോയിച്ചൻ വടക്കൻ സ്വാഗതവും സെക്രട്ടറി ശ്രീ. തോമസ് കുണിഞ്ഞി കൃതജ്ഞതയും പറഞ്ഞു.

*DFC 28/2016* **യൂണിറ്റുകളിലെ പ്രവർത്തനം സജീവമാക്കണം**

രൂപതയിലെ എല്ലാ ഇടവകകളിലും DFC യൂണിറ്റുകൾ സജീവമായി ദീപിക പത്രത്തിന്റെ സർക്കുലേഷൻ കൂട്ടാനായി പ്രവർത്തിക്കുന്നുണ്ടെന്ന് ഫൊറോന പ്രസിഡന്റുമാർ ഉറപ്പു വരുത്തണം. ഒരു മാസത്തിനുള്ളിൽ എല്ലാ ഫൊറോനകളിലും വിപുലമായ കൺവെൻഷനുകൾ വിളിച്ചുകൂട്ടുകയും ചെയ്യണം.

*DFC 29/2016* **DFC സംസ്ഥാന ക്യാമ്പ്**

DFC സംസ്ഥാനതല നേതൃത്വ പരിശീലന ക്യാമ്പ് 2016 ഓഗസ്റ്റ് 30, 31 തീയതികളിൽ കോട്ടയം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. DFC രൂപതാ കോ-ഓർഡിനേറ്റർ, പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നിവർ ക്യാമ്പിൽ പങ്കെടുത്തു.



*DFC 30/2016* **DFC വഴി പുതിയതായി ലഭിച്ച ദീപിക വരിക്കാരുടെ എണ്ണവും ആകെ DFC വരിക്കാരുടെ എണ്ണവും ഇടവകയടിസ്ഥാനത്തിൽ**

| ഇടവക | പുതിയ വരിക്കാരുടെ എണ്ണം | ആകെ വരിക്കാരുടെ എണ്ണം | ഇടവക | പുതിയ വരിക്കാരുടെ എണ്ണം | ആകെ വരിക്കാരുടെ എണ്ണം |
|---|---|---|---|---|---|
| കടവൂർ | 4 | 50 | മൂവാറ്റുപുഴ | 5 | 90 |
| തട്ടക്കുഴ | 6 | 12 | അഞ്ചിരി | 11 | 31 |
| പെരുമ്പിള്ളിച്ചിറ | 12 | 30 | തൃക്കാരിയൂർ | 12 | 17 |
| ചിലവ് | 14 | 24 | പെരുമ്പല്ലൂർ | 16 | 56 |
| കോതമംഗലം | 25 | 103 | പന്നിമറ്റം | 25 | 45 |
| നാകപ്പുഴ | 75 | 141 | വടാട്ടുപാറ | 38 | 52 |
| കലയന്താനി | 40 | 105 | പുറപ്പുഴ | 40 | 95 |
| നെടിയകാട് | 41 | 111 | രണ്ടാർ | 41 | 61 |
| തൊമ്മൻകുത്ത് | 47 | 65 | മാറിക | 65 | 120 |
| കുണിഞ്ഞി | 50 | 80 | കോലടി | 56 | 71 |
| പെരിങ്ങഴ | 88 | 138 | നാടുകാണി | 62 | 86 |
| ചെപ്പുകുളം | 68 | 90 | വാഴപ്പിള്ളി ഈസ്റ്റ് | 74 | 89 |
| തൊടുപുഴ ഈസ്റ്റ് | 81 | 126 | കല്ലാനിക്കൽ | 82 | 122 |
| നെടിയശാല | 100 | 140 | ആയവന | 150 | 165 |
| പൈങ്ങോട്ടൂർ | 151 | 214 | ആരക്കുഴ | 153 | 243 |
| മുതലക്കോടം | 197 | 337 | പോത്താനിക്കാട് | 226 | 266 |
| വാഴക്കുളം | 525 | 661 | അംബികാപുരം | 111 | 127 |

*Co-ordinator*

## യുവദീപ്തി

*YD 40 /2016* **ക്വിസ് മത്സരം**

ആഗസ്റ്റ് 21-ാം തീയതി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന രൂപതാതല ക്വിസ് മത്സര വിജയികൾ:

I പൈങ്ങോട്ടൂർ ഫൊറോന- അലീഷ ചാക്കോ & റിച്ചു ബേബി
(പൈങ്ങോട്ടൂർ യൂണിറ്റ്)

II മാറിക ഫൊറോന- ഇമ്മാനുവേൽ ജിജി & കൊച്ചുറാണി മാത്യു (കുണിഞ്ഞി യൂണിറ്റ്)

III കരിമണ്ണൂർ ഫൊറോന - ആഷ്മി ജോർജ് & ആഷ്ലി നോബിൾ (ചിലവ് യൂണിറ്റ്)

*YD 41 /2016* **ഡിബേറ്റ് മത്സരം**

യുവജനപ്രസ്ഥാനത്തിലുള്ള യുവതികൾക്കായി ഡിബേറ്റ് മത്സരം ആഗസ്റ്റ് 24-ന് നടന്നു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നു. വിജയികളായവർ:

I തൊടുപുഴ ഫൊറോന- മരിയ സോയി & എലിസബത്ത് (നെടിയകാട് യൂണിറ്റ്)

II കരിമണ്ണൂർ ഫൊറോന- ആൻമേരി & അലക്സിയ (ഉടുമ്പന്നൂർ യൂണിറ്റ്)

III പൈങ്ങോട്ടൂർ ഫൊറോന - അങ്കിത & മെറിൻ (പൈങ്ങോട്ടൂർ യൂണിറ്റ്)

*YD 42/2016* **പുതിയ ഫൊറോന ഡയറക്ടേഴ്സ്/അസി. ഡയറക്ടേഴ്സ്**

യുവദീപ്തി-കെ.സി.വൈ.എം. പ്രസ്ഥാനത്തെ നയിക്കുവാൻ നിയമിതരായ പുതിയ ഫൊറോന ഡയറക്ടേഴ്സ്/അസി. ഡയറക്ടേഴ്സ്:

| | |
|---|---|
| മൂവാറ്റുപുഴ | - ഫാ. ആന്റണി മാളിയേക്കൽ |
| കരിമണ്ണൂർ | - ഫാ. വർക്കി മണ്ഡപത്തിൽ |
| | ഫാ. സെബാസ്റ്റ്യൻ പോത്തനാമുഴി (Asst. Director) |
| മുതലക്കോടം | - ഫാ. ജോസഫ് കൂനാനിക്കൽ |
| തൊടുപുഴ | - ഫാ. തോമസ് വിലങ്ങുപാറയിൽ (Asst. Director) |
| ആരക്കുഴ | - ഫാ. ജെയിംസ് ചൂരത്തൊട്ടിയിൽ |
| വാഴക്കുളം | - ഫാ. തോമസ് കണ്ണംകുളം |

പുതിയതായി നിയമിതരായ എല്ലാ ബ. വൈദികർക്കും രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ. കഴിഞ്ഞ നാളുകളിൽ സ്തുത്യർഹമായ സേവനം ചെയ്ത എല്ലാ ഫൊറോന ഡയറക്ടേഴ്സിനും ഹൃദയം നിറഞ്ഞ നന്ദി.

*YD 43/2016* **പ്രചോദിനി**

'പ്രചോദിനി' സംസ്ഥാന വനിതാ കൺവെൻഷനിൽ പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും ഈ പരിപാടിയിലേക്ക് യുവജനങ്ങളെ



പറഞ്ഞുവിട്ട ബ. ഡയറക്ടർ അച്ചന്മാർക്കും രൂപതാകുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

*YD 44/2016* **ബോബി എം. പാലയ്ക്കൽ മെമ്മോറിയൽ ഷട്ടിൽ- ബാഡ്മിന്റൺ ടൂർണ്ണമെന്റ്**

അകാലത്തിൽ നമ്മെ വേർപിരിഞ്ഞുപോയ യുവദീപ്തി പ്രവർത്തകനായിരുന്ന ബോബി എം. പാലയ്ക്കന്റെ ഓർമ്മയ്ക്കായി ഒരുക്കുന്ന ഷട്ടിൽ ടൂർണ്ണമെന്റ് ഫൊറോനാതല മത്സരങ്ങൾ സെപ്റ്റംബർ 18-നും രൂപതാതല മത്സരങ്ങൾ ഒക്ടോബർ 9-നും നടത്തുന്നു.

*Director*

## ജീസസ് യൂത്ത്

*JY 21 /2016* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ ആഗസ്റ്റ് 13-ാം തീയതി 6.00 pm-ന് തുടങ്ങി 12.00 am-ന് അവസാനിച്ചു.

*JY 22 /2016* **Campus Meet-2016**

ജീസസ് യൂത്ത് കോതമംഗലം സോൺ കാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ സോണിലെ വിവിധ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി Campus Meet-2016 നിർമ്മല കോളേജിൽ വച്ച് സെപ്റ്റംബർ 9-ാം തീയതി 6.00 pm തുടങ്ങി സെപ്റ്റംബർ 12-ാം തീയതി 10.00 pm വരെ നടക്കുന്നു. ഇടവകയിൽ നിന്നുള്ള കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. Contact No. 9446488014, 9995583234

*Animator*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 29 /2016* **ഫാമിലി ഗൈഡൻസ് സെന്റർ (NESTT) (For Counselling)**

മുവാറ്റുപുഴ നെസ്റ്റിൽ ഫാമിലി ഗൈഡൻസ് സെന്റർ തിങ്കൾ മുതൽ ശനി വരെ ദിവസങ്ങളിൽ 9.00 മണി മുതൽ 4.00 വരെയും ഞായറാഴ്ചകളിൽ 1.30 pm മുതൽ 5.00 pm വരെയും പ്രവർത്തിക്കുന്നുണ്ട്. ബഹു. അച്ചന്മാർ ഇക്കാര്യം പള്ളിയിൽ അറിയിക്കുമല്ലോ.

*FA 30 /2016* **Home Mission Team**

ഒരു വർഷം രൂപതാ ഹോം മിഷനുവേണ്ടി മാത്രം പ്രവർത്തിക്കുന്നതിനായി മാറ്റി നിർത്തപ്പെട്ട 40 സിസ്റ്റേഴ്സിന്റെ ഒരു ടീം സജ്ജമായിട്ടുണ്ട്. ഹോം മിഷൻ നടത്താൻ ആഗ്രഹിക്കുന്ന ഇടവകകൾ അറിയിക്കുമല്ലോ.

മുള്ളരിങ്ങാട് ഇടവകയിൽ രൂപതാ ഹോം മിഷൻ ടീം ഹോം മിഷൻ നടത്തി.

*FA 31 /2016* **'ജീവധാൻ 2016' (Pro-Life)**

വിവാഹം കഴിഞ്ഞ് 15 വർഷം വരെ ആയ ദമ്പതികൾക്കായി ഒരു ദിവസത്തെ സെമിനാർ നടത്തുന്നതിന് ടീം തയ്യാറാണ്. സെമിനാറിൽ പ്രശ്സതരായ ഡോക്ടർമാർ ക്ലാസ്സുകൾ നയിക്കുന്നു. ഈ പ്രോ ഗ്രാം ഇടവകയിൽ നടത്തുവാൻ ആഗ്രഹിക്കുന്ന ബ. അച്ചന്മാർ ഓഫീസിൽ അറിയിക്കുമല്ലോ. Contact No. 9539658158.

ആഗസ്റ്റ് 13-ാം തീയതി പുറപ്പുഴ ഇടവകയിൽ 'ജീവധാൻ 2016' നടന്നു.

*FA 32 /2016* **Nirmala Matrimony**

നമ്മുടെ രൂപതയുടെ നിർമ്മല മാട്രിമണി സീറോ മലബാർ മാട്രിമണിയുമായി ചേർന്നു പ്രവർത്തിക്കുന്നു. ആയതിനാൽ എല്ലാ സീറോ മലബാർ രൂപതകളിലെയും മാട്രിമണികളിലെ രജിസ്ട്രേഷനുകൾ കാണാൻ സൗകര്യമുണ്ട്. ആദ്യത്തെ രണ്ടുമാസത്തേക്ക് ഫ്രീ രജിസ്ട്രേഷനും തുടർന്ന് 6 മാസത്തേക്ക് 2000 രൂപയും ഒരു വർഷത്തേക്ക് 3000 രൂപയുമായിരിക്കും ഫീസ്. ഈ മാസങ്ങളിൽതന്നെ ഫാമിലി അപ്പോസ്റ്റലേറ്റ് മെമ്പേഴ്സ് വഴി വീടുകളിൽനിന്നും രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നു.

*FA 33 /2016* **ദമ്പതീ ധ്യാനം**

ഇടവകകളിൽ 3 ദിവസം നീണ്ടുനിൽക്കുന്ന (പകൽ/ വൈകുന്നേരം) ധ്യാനത്തിനുള്ള ടീം തയ്യാറായിട്ടുണ്ട്.

*FA 34 /2016* **ഫൊറോന സംഗമങ്ങൾ**

**മൂവാറ്റുപുഴ**

സെപ്റ്റംബർ 3-ാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെ മൂവാറ്റുപുഴ നിർമ്മല കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് മൂവാറ്റുപുഴ ഫൊറോന സംഗമം നടത്തുന്നു. ഫൊറോന, ഇടവക, വാർഡ് തല ഭാരവാഹികളാണ് ഈ സംഗമത്തിൽ പങ്കെടുക്കേണ്ടത്.



**മുതലക്കോടം**

സെപ്റ്റംബർ 17-ാം തീയതി രാവിലെ 9 മണി മുതൽ 4 മണി വരെ മുതലക്കോടം ഫൊറോന സംഗമം സെന്റ് ജോർജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. ഫൊറോന, ഇടവക, വാർഡ് തല ഭാരവാഹികളാണ് ഈ സംഗമത്തിൽ പങ്കെടുക്കേണ്ടത്.

*FA 35 /2016* **ജൂബിലി ദമ്പതീ സംഗമം - 2016**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെയും മാതൃവേദിയുടെയും ആഭിമുഖ്യത്തിൽ ഈ വർഷം വിവാഹത്തിന്റെ രജത-സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്കായുള്ള സംഗമം ഒക്ടോബർ 12-ാം തീയതി ബുധനാഴ്ച രാവിലെ 9 മണി മുതൽ 4 മണി വരെ വാഴക്കുളം വിശ്വജ്യോതി കോളേജിൽ വച്ച് നടത്തുകയാണ്. വിവാഹത്തിന്റെ രജത - സുവർണ്ണ ജൂബിലി (1991, 1966) ആഘോഷിക്കുന്നവരുടെ അഡ്രസ്സും ഫോട്ടോയും രജിസ്ട്രേഷൻ ഫീസ് 100 രൂപയുൾപ്പെടെ സെപ്റ്റംബർ 15-ന് മുമ്പ് കേന്ദ്ര ഓഫീസിൽ എത്തിക്കുമല്ലോ.

*FA 36 /2016* **കുടുംബക്കൂട്ടായ്മ**

2016 ഒക്ടോബർ മാസത്തിലെ കുടുംബക്കൂട്ടായ്മ മീറ്റിംഗിൽ ചർച്ച ചെയ്യാനുള്ള വിഷയങ്ങൾ ചുവടെ ചേർക്കുന്നു. ഫ്രാൻസീസ് പാപ്പാ എഴുതിയ "സ്നേഹത്തിന്റെ സന്തോഷം" എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ ഒന്നാം അദ്ധ്യായത്തിന്റെ വെളിച്ചത്തിൽ ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നത് ഉചിതമായിരിക്കും. അപ്പസ്തോലിക പ്രബോധനത്തിന്റെ ഒരു കോപ്പിയെങ്കിലും എല്ലാ കൂട്ടായ്മയിലും ഉണ്ടായിരിക്കുന്നതും അതു പരസ്പരം കൈമാറി പഠിച്ചൊരുങ്ങി കുടുംബക്കൂട്ടായ്മയിൽ ചർച്ച ചെയ്യുന്നതും നല്ലതാണ്. ഒക്ടോബർ മാസത്തിലെ ചർച്ചാവിഷയങ്ങൾ സെപ്റ്റംബർ മാസത്തിലെ കൂട്ടായ്മയിൽ അറിയിക്കുന്നതിനുവേണ്ടിയാണ് മുൻകൂട്ടി തയ്യാറാക്കി നൽകിയിട്ടുള്ളത്.

**ചർച്ചാവിഷയങ്ങൾ:**

1 കുട്ടികൾക്കും കുടുംബപ്രാർത്ഥനയ്ക്കും കുടുംബജീവിതത്തിലുള്ള പ്രാധാന്യം.

2 'തൊഴിൽ മഹത്വപൂർണ്ണമായ ഒരു ഉത്തരവാദിത്വം' എന്നതിനോടുള്ള നിങ്ങളുടെ പ്രതികരണം.

3 കുടുംബബന്ധങ്ങളുടെ ഊഷ്മളത സഭാപ്രബോധന പശ്ചാത്തലത്തിൽ നിങ്ങൾ എങ്ങനെ മനസ്സിലാക്കുന്നു?

*FA 37 /2016* **വിവാഹ ഒരുക്ക സെമിനാർ**

സെപ്റ്റംബർ 7–9

അച്ചന്മാരുടെ വാർഷികധ്യാനമായതുകൊണ്ട് സെപ്റ്റംബർ 28 മുതൽ 30 വരെ നടത്തുവാനിരുന്ന വിവാഹഒരുക്ക സെമിനാർ ഉണ്ടായിരിക്കുന്നതല്ല.

*FA 38 /2016* **Marriage Preparation Courses in Kerala, September 2016**

| DIOCESE / ARCHDIOCESE | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|
| Alappuzha | 2-4 | | | |
| Changanacherry | 5-7 | | 19-21 | 26-28 |
| Ernakulam (Kaloor) | 5-7 | 11-13 | 19-21 | 26-28 |
| Ernakulam (Kalady) | | 15-17 | 20-22 | 27-29 |
| Idukki | 5-7 | | | 26-28 |
| Irinjalakuda | 5-7 | 14-16 | | |
| Kanjirappally | 5-7 | | | 22-24 |
| Kochi (Latin) | | | | 23-25 |
| Kollam (Latin) | 7-9 | | 21-23 | |
| Kothamangalam | 7-9 | | | |
| Kottappuram (Latin) | 7-9 | | | |
| Kottayam | | 8-10 | | |
| Mananthavady | | 9-12 | | |
| Mavelikkara (Malankara) | | 9-11 | | |
| Neyyattinkara (Latin) | | 14-16 | | |
| Pala | 5-7 | | 19-21 | |
| Palakkad | 5-8 | | | |
| Pathanamthitta | | 9-11 | | |
| Sulthanpett | 3-4 | | | |
| Thalassery | 5-7 | | | 27-29 |
| Thamarassery | 7-10 | | | |



| | | | | |
|---|---|---|---|---|
| Thiruvalla | | | | 27-29 |
| Thiruvananthapuram (Latin) | 9-11 | | 19-21 | |
| Thiruvananthapuram (Malankara) | | 9-11 | | |
| Thrissur | 7-9 | 14-16 | 21-23 | 28-30 |
| Varappuzha | 2-4 | | 16-18 | |
| Vijayapuram | | 8-11 | | |

*Director*

## മാതൃവേദി

*MV 28 /2016* **മഡോണ റിട്രീറ്റ്**

രൂപതാ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മമാർക്കായി ഇടവകകളിൽ രണ്ടോ മൂന്നോ ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ധ്യാനപരിപാടി സംഘടിപ്പിക്കുന്നതിനുള്ള ടീം തയ്യാറായിരിക്കുന്നു.

ഫോൺ. 9539658158

*MV 29 /2016* **ഉണർവ് 2016–2017 (Psycho-Spiritual Training Programme)**

ഒരു വർഷം നീണ്ടുനിൽക്കുന്ന പരിശീലനം. മാസത്തിൽ ഒരു ദിവസം 3 സെന്ററുകളിലായി (കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ) നടത്തുന്നു. 2 സെനറ്റ് മെമ്പേഴ്സ്, ഇടവക പ്രസിഡന്റ് എന്നിവരെയാണ് ഇതിലേക്ക് ഉദ്ദേശിക്കുക. ഇവരിൽ ആർക്കെങ്കിലും അസൗകര്യം ഉണ്ടെങ്കിൽ പകരം ആളെ പങ്കെടുപ്പിക്കാവുന്നതാണ്. ഒരു ഇടവകയിൽ നിന്നും 3 പേർക്കായിരിക്കും അവസരം ലഭിക്കുക.

ഫോൺ. 9539658158

*Director*

## K.C.B.C. വനിതാകമ്മീഷൻ

*KCBCWC1 /2016* **KCBC വനിതാകമ്മീഷൻ ഭാരവാഹികൾ**

KCBC വനിതാ കമ്മീഷൻ ജനറൽ സെക്രട്ടറി ശ്രീമതി ഡെൽസി ലൂക്കാച്ചൻ നമ്പ്യാപറമ്പിലിനും സെക്രട്ടറി ബിന്ദു ജോർജ് വള്ളമറ്റത്തിനും ജോ. സെക്രട്ടറി റോസമ്മ ജോസ് പൈകടയ്ക്കും ട്രഷറർ

ഫിലോമിന സാലസ് ചേറ്റൂരിനും ജോ. ട്രഷറർ ആനി ജോസഫ് ഇള യിടത്തിനും എല്ലാവിധ പ്രാർത്ഥനാമംഗളങ്ങളും നേരുന്നു.

*Director*

# D.C.M.S.

*DCMS 11 /2016* **സെമിനാർ**

ആഗസ്റ്റ് 13-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് 4-ാം ക്ലാസ്സു മുതൽ 7-ാം ക്ലാസ്സ് വരെയുള്ള ദളിത് കുട്ടികൾക്കായി നടത്തിയ ഏക ദിന സെമിനാറിൽ വിവിധ ഇടവകകളിൽ നിന്നായി 33 കുട്ടികൾ പങ്കെ ടുത്തു. ശ്രീ. മാത്യൂസ് ഐക്കര ഇടുക്കി, സംസ്ഥാനജനറൽ സെക്രട്ടറി ശ്രീ. ജോണി പരമല, ശ്രീമതി മർത്താമ്മ ജോളി എന്നിവർ ക്ലാസ്സുകൾ എടുത്തു. രൂപതാഭാരവാഹികൾ സെമിനാറിന് നേതൃത്വം നൽകി.

*DCMS 12 /2016* **വി. ബലിയും കരുണയുടെ ജപമാലയും**

ആഗസ്റ്റ് 14-ന് കരുണയുടെ കവാടമായ നാകപ്പുഴ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് DCMS രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന കരുണയുടെ ജപമാലയിലും റാലിയിലും തുടർന്നുള്ള വി. ബലി യിലും 300 പേർ പങ്കെടുത്തു.

*DCMS 13 /2016* **കരിദിനറാലിയും സമ്മേളനവും**

ആഗസ്റ്റ് 11-ാം തീയതി ദളിത് ക്രൈസ്തവരുടെ ന്യായമായ അവ കാശങ്ങൾ നേടിയെടുക്കുന്നതിനായി തിരുവനന്തപുരത്ത് വച്ച് നടന്ന കരിദിനറാലിയിലും സമ്മേളനത്തിലും കോതമംഗലം രൂപതയിൽ നിന്ന് 19 പേർ പങ്കെടുത്തു.

*DCMS 14 /2016* **സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

കേരള കത്തോലിക്കാ മെത്രാൻ സമിതി ദളിത്-പിന്നോക്ക വിഭാഗ വികസന കമ്മീഷൻ നല്കുന്ന സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. 2015-2016 അദ്ധ്യയന വർഷം പാസ്സായ കുട്ടികൾക്കാണ് സ്കോളർഷിപ്പ്. SSLC 80%, Plus Two 70%, DC, PG, BSc Nursing, Engineering, Medicine 60% മാർക്ക് വാങ്ങി പാസ്സായ ദളിത് കത്തോലിക്കാകുട്ടികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. പൂരിപ്പിച്ച അപേക്ഷാഫോറം 2016 സെപ്റ്റംബർ 20-ന്



മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ ഡയറക്ടറച്ചന്റെ അഡ്ര സ്സിൽ ലഭിച്ചിരിക്കണം. അപേക്ഷാഫോറം രൂപതാഡയറക്ടറുടെ പക്കൽ ലഭ്യമാണ്. Contact No. 9747975511

*Director*

# ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 12 /2016* **കർഷക ധർണ്ണ**

റബ്ബറിന്റെയും മറ്റ് കാർഷിക ഉല്പന്നങ്ങളുടെയും വിലത്തകർച്ച യ്ക്ക് പരിഹാരം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് കോട്ടയം റബ്ബർ ബോർഡ് ഓഫീസിനുമുമ്പിൽ 07-07-2016-ന് കൂട്ടധർണ്ണാസമരം നടത്തി. ധർണ്ണ ഉദ്ഘാടനം ചെയ്തത് കാഞ്ഞിര പ്പള്ളി ബിഷപ്പ് അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവാണ്. ധർണ്ണാസമരത്തിന് കോതമംഗലം രൂപതയിൽ നിന്ന് വളരെ നല്ല സഹ കരണമുണ്ടായിരുന്നു.

ധർണ്ണാസമരത്തെ അഭിസംബോധന ചെയ്തുകൊണ്ട് കത്തോ ലിക്കാ കോൺഗ്രസ് കേന്ദ്രപ്രസിഡന്റ് ശ്രീ. വി.വി. അഗസ്റ്റിൻ, കേന്ദ്ര ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയന്നിലം, കോതമംഗലം രൂപതാ പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ട് എന്നിവർ പ്രസംഗിച്ചു. ധർണ്ണ സമരത്തിന്റെ വിജയത്തിനായി കത്തോലിക്കാ കോൺഗ്രസ് കോതമം ഗലം രൂപതാ ജനറൽ സെക്രട്ടറി അഡ്വ. ജോസ് ഇലഞ്ഞിക്കൽ, ട്രഷറർ ശ്രീ. ജോൺ മുണ്ടങ്കാവിൽ എന്നിവർ നേതൃത്വം നൽകി.

*Director*

# Emmanuel Retreat Centre, Vazhakulam

*ERC 13 /2016* **സെപ്റ്റംബർ മാസത്തിലെ ശുശ്രൂഷകൾ**

1 ആദ്യവ്യാഴം (01-09-2016)
"ബഹു. വൈദികരുടെ കൂട്ടായ്മ" - 7.00 pm മുതൽ 9.00 pm വരെ.

2 ആദ്യ ശനി (03-09-2016)
"എമ്മാനുവേൽ ഏകദിന കൺവെൻഷൻ"- 9.00 am മുതൽ

1.00 pm വരെ. (ജപമാല, വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, രോഗശാന്തി ശുശ്രൂഷ, ദൈവകരുണയുടെ നൊവേന)

3 രണ്ടാം ശനിയാഴ്ച (10-09-2016)
"എമ്മാനുവേൽ ക്രിസ്റ്റീൻ കൺവെൻഷൻ"
9.00 am മുതൽ - 1.00 pm വരെ.
വി. കുർബാന, വചനപ്രഘോഷണം, ആന്തരികസൗഖ്യ ആരാധന, കൈവയ്പ് പ്രാർത്ഥന, (6 വയസ്സുമുതൽ 18 വയസ്സു വരെയുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വേണ്ടി)

4 മൂന്നാം വ്യാഴം (15-09-2016)
"അഖണ്ഡ കരുണക്കൊന്ത", 9.30 am-ന് ആരംഭിച്ച് 5.30 pm-ന് വിശുദ്ധ കുർബാനയോടുകൂടി സമാപിക്കും.

5 അവസാനവെള്ളി രാത്രി ആരാധന (Night Vigil) (30-09-2016)
വൈകുന്നേരം 4.30-ന് കുരിശിന്റെ വഴിയോടുകൂടി ശുശ്രൂഷകൾ ആരംഭിക്കുന്നു. തുടർന്നുള്ള വി. കുർബാന, വചനശുശ്രൂഷ, ദിവ്യകാരുണ്യ ആരാധന, രോഗശാന്തി ശുശ്രൂഷ, ദിവ്യകാരുണ്യ പ്രദക്ഷിണം, ജപമാല പ്രദക്ഷിണം എന്നീ തിരുക്കർമ്മങ്ങൾക്കു ശേഷം രാത്രി 10 മണിക്ക് ശുശ്രൂഷകൾ സമാപിക്കുന്നു.

NB എല്ലാ തിങ്കളാഴ്ചകളിലും, വ്യാഴാഴ്ചകളിലും രാവിലെ 9.00 മണി മുതൽ മദ്ധ്യസ്ഥപ്രാർത്ഥന, കുമ്പസാരം, കൗൺസലിംഗ് ശുശ്രൂഷകളും വൈകിട്ട് 5.30-ന് വി. കുർബാനയും ഉണ്ടായിരിക്കും.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 22 /2016* **മഹാജൂബിലി**

കത്തോലിക്കാ കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ ഗോൾഡൻ ജൂബിലിയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളുടെ ഉദ്ഘാടനം ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് നടന്നു. കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ മാർ റാഫേൽ തട്ടിൽ, കമ്മീഷൻ അംഗങ്ങളായ മാർ ജോസഫ് കാരിക്കശ്ശേരി, മാർ സാമുവൽ ഐറിനോസ്, KST ചെയർമാൻ ഫാ. വർഗീസ് മുണ്ടയ്ക്കൽ, വിവിധ രാജ്യങ്ങളിലെ പ്രതിനിധികൾ, കോതമംഗലം സോണിൽ നിന്നും ആനിമേറ്റർ റവ. ഫാ. ജോർജ്ജ് കുരിശുംമൂട്ടിലിന്റെ നേതൃത്വത്തിൽ സോണൽ, സബ് സോണൽ പ്രതിനിധികൾ എന്നിവരും പങ്കെടുത്തു.



*PG 23 /2016* **മദ്ധ്യസ്ഥപ്രാർത്ഥനാദിനം**

കോതമംഗലം കരിസ്മാറ്റിക് സോണിന്റെ നേതൃത്വത്തിൽ കാരക്കുന്നം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് ആഗസ്റ്റ് 12-ാം തീയതി മദ്ധ്യസ്ഥപ്രാർത്ഥനാദിനം ആചരിച്ചു. സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, സോണൽ കോ-ഓർഡിനേറ്റർ സോജൻ കെ. പോൾ, സെക്രട്ടറി ജോൺസൺ കുഞ്ഞിലക്കോട്ട് എന്നിവർ നേതൃത്വം നൽകി. റവ. ഫാ. പൗലോസ് നെടുംതടത്തിൽ, ഡോ. പി.എൽ. തോമസ് ആലപ്പുഴ, കെ. കെ. മത്തായി എറണാകുളം, ജോൺ ഗബ്രിയേൽ കൊല്ലം, ലിസി സ്രാമ്പിക്കൽ, ബാബു കാക്കനാട്ട് എന്നിവർ പ്രസംഗിച്ചു.

*PG 24 /2016* **ഏകദിന സെമിനാർ**

കരിസ്മാറ്റിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 23 ചൊവ്വാഴ്ച 9.00 am മുതൽ 3.00 pm വരെ ഏകദിന സെമിനാർ കാരക്കുന്നം സെന്റ് മേരീസ് പള്ളിയിൽ വച്ച് നടന്നു.

*PG 25 /2016* **ബൈബിൾ പഠന ക്ലാസ്സ്**

പൈങ്ങോട്ടൂർ സബ്സോണിന്റെ നേതൃത്വത്തിൽ ഒരു വർഷം നീണ്ടുനില്ക്കുന്ന ബൈബിൾ പഠന ക്ലാസ്സ് ആരംഭിച്ചു. എല്ലാ ശനിയാഴ്ചയും പൈങ്ങോട്ടൂർ L.P. സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് 3.00 pm മുതൽ 6.00 pm വരെയായിരിക്കും പഠന ക്ലാസ്സ്. ക്ലാസ്സുകൾ നയിക്കുന്നത് റവ. ഫാ. പോൾ മൈലയ്ക്കച്ചാലിൽ.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 35 /2016* **സീറോ മലബാർ ഏരിയാസമ്മേളനം**

സീറോ മലബാർ സഭാ ശ്രേഷ്ഠമെത്രാപ്പോലീത്തയുടെ നിർദ്ദേശപ്രകാരം അല്മായ ഫ്രാൻസിസ്കൻ സഭയുടെ പ്രാർത്ഥനകളും, നിയമാവലിയും സീറോമലബാർ സഭയുടെ പാരമ്പര്യത്തിനും ആരാധനാക്രമത്തിനും അനുസരിച്ച് നവീകരിക്കുവാനുള്ള നടപടികൾ ആരംഭി

ച്ചു. 05-08-2016-ന് സീറോമലബാർ സഭയുടെ 14 രൂപതകളിൽ പെടുന്ന SFO അംഗങ്ങളുടെ പ്രതിനിധിസമ്മേളനം ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽ വച്ച് നടത്തപ്പെട്ടു.

*SFO 36 /2016* **ദൈവശാസ്ത്ര പഠനം**

അല്മായ ഫ്രാൻസിസ്കൻ സഭയിൽ നിന്നും 10 യുവജനങ്ങൾ ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ 2 വർഷത്തെ വിദൂര ദൈവശാസ്ത്ര പഠന കോഴ്സിൽ ചേർന്നു.

*SFO 37 /2016* **തൊമ്മച്ചൻ അനുസ്മരണ ദിനം**

കേരള സഭയിലെ ആദ്യത്തെ അല്മായ ദൈവദാസനായ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ അനുസ്മരണാർത്ഥം 2016 നവംബർ മാസത്തിലെ ഒരു ദിവസം ഓർമ്മദിനമായി ആചരിക്കുവാൻ തിരുമാനമെടുത്തു.

*SFO 38 /2016* **സെമിനാർ**

*SFO* കോടിക്കുളം ഭ്രാതൃത്വം 14-08-2016 ഞായറാഴ്ച സെമിനാർ നടത്തി. സി. ആനി അഹല്യ ദിവ്യകാരുണ്യത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

*SFO 39 /2016* **രാത്രി ആരാധന**

സെപ്റ്റംബർ മാസത്തിലെ രാത്രി ആരാധന 02-09-2016 ആദ്യവെള്ളിയാഴ്ച പതിവുപോലെ തൊടുപുഴ സേവിയേഴ്സ് ഹോമിൽ വച്ച് നടത്തുന്നതാണ്. രാത്രി 9.30-ന് ആരംഭിക്കുന്ന പ്രാർത്ഥനാശുശ്രൂഷകൾ ശനിയാഴ്ച രാവിലെ 5.00-ന് വി. കുർബാനയോടെ പൂർത്തിയാകുന്നു.

*Director*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| Sept. | 3 | - CML Animators' Meet |
| " | 7 - 9 | - വിവാഹഒരുക്ക സെമിനാർ |
| " | 10 | - Catechism Contact Class |
| " | 11 - 14 | - KCSL പഠനാനുഭവ ധ്യാനം |
| " | 12 | - CML കുടുംബസംഗമം |
| " | 13 | - Presbyteral Council, Meeting |
| " | 18 - 23 | - Priests' Annual Retreat First Batch |
| " | 25 - 30 | - Priests' Annual Retreat Second Batch |

*Director*



## *Festal Greetings*

| | | | |
|---|---|---|---|
| Rev. Fr. | Athickal Mathew | **September** | 21 |
| ” | Areekkatt Mathew | ” | 21 |
| ” | Chandrankunnel Mathew | ” | 21 |
| ” | Chamakalayil Mathew | ” | 21 |
| ” | Edattu Mathews | ” | 21 |
| ” | Ezhanikatt Mathew | ” | 21 |
| ” | Kakkanatt Mathew (Jr.) | ” | 21 |
| ” | Kizhakedath Mathew | ” | 21 |
| ” | Konickal Mathew | ” | 21 |
| ” | Kochumundanmalayil Mathew | ” | 21 |
| ” | Kochupurackal Mathew | ” | 21 |
| ” | Kochupurackal Mathew (Jr.) | ” | 21 |
| ” | Kunnath Mathew | ” | 21 |
| ” | Kunnappillil Mathew | ” | 21 |
| ” | Maliekal Mathews | ” | 21 |
| ” | Mundackal Mathew M. | ” | 21 |
| ” | Mundackal Mathew (Jr.) | ” | 21 |
| ” | Nandalath Mathews | ” | 21 |
| ” | Pittapillil Mathew | ” | 21 |
| ” | Pothanamuzhi Mathew | ” | 21 |
| ” | Poonat Mathew | ” | 21 |
| ” | Thekkekara Mathew (Sr.) | ” | 21 |
| ” | Thekkekara Mathew (Jr.) | ” | 21 |
| ” | Thekkumkattil Mathew | ” | 21 |
| ” | Thevarpadam Mathews | ” | 21 |
| ” | Thottathimyalil Mathew | ” | 21 |
| ” | Thozhalay Mathew | ” | 21 |
| ” | Vadakkumpadath Mathew | ” | 21 |
| Mgr. | Vellankal Mathew | ” | 21 |
| Rev. Fr. | Nedungattu Vincent | ” | 28 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂലൈ**

15 • കോതമംഗലം മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

16 • ചിലവ് ഇടവക കണ്ണംകുളം ബിൻസ്- സിന്ധു ദമ്പതികളുടെ നാലാമത്തെ കുട്ടിയുടെ പ്രാരംഭ കൂദാശ സ്വീകരണകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• മുതലക്കോടം സാൻജോ ഭവൻ പ്രീസ്റ്റ് ഹോമിലെ ബഹു. വൈദികരെ സന്ദർശിച്ചു.

• കോതമംഗലം കത്തീഡ്രൽ ഇടവകാംഗമായ P.A. പീറ്റർ പുളിക്കലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

• കറുകടം കാർമ്മൽ നിവാസിൽ പരിശുദ്ധ കർമ്മല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ചു നടത്തിയ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുത്തു.

17 • ഉരുളൻതണ്ണി സെന്റ് ജൂഡ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

18 • കോതമംഗലം എസ്.ഡി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

19 • മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് പ്രെയർഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധങ്ങളായ പ്രാർത്ഥനാശുശ്രൂഷകൾക്കായി തിരഞ്ഞെടുക്കപ്പെട്ടവർക്കായി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് അവർക്കുവേണ്ടിയുള്ള "ഐഡന്റിറ്റി കാർഡുകൾ" വിതരണം ചെയ്യുകയും ചെയ്തു.

• മാറിക ഫൊറോന പള്ളി വികാരി ബ. ജെയിംസ് വരാരപ്പിള്ളി അച്ചന്റെ സഹോദരൻ വി.പി. ജോസിന്റെ മൃതശരീരത്തിങ്കൽ നെല്ലിമറ്റത്തുള്ള ഭവനത്തിൽ വച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• കോതമംഗലം മൈനർ സെമിനാരിയിൽ നടന്ന ഡിഗ്രി പഠിക്കുന്ന വൈദിക വിദ്യാർത്ഥികൾ താമസിക്കുന്ന പള്ളികളിലെയും സ്ഥാപനങ്ങളിലെയും ബഹു. അച്ചന്മാരുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

• എം.എസ്.ജെ. സഭാംഗമായ സി. മരീന എം.എസ്.ജെ. യുടെ



മൃതസംസ്കാര ശുശ്രൂഷകൾക്ക് MSJ Provincial House-ൽ മുഖ്യകാർമ്മികത്വം വഹിച്ചു.

20 • മൂവാറ്റുപുഴ ഹോളിഫാമിലി പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• പെരുമ്പിള്ളിച്ചിറ ഇടവകാംഗമായ മാറാട്ടിൽ ടി. സി. ചാക്കോയുടെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

21-22 • കാഞ്ഞിരപ്പള്ളിയിൽ വച്ച് നടന്ന മെത്രാന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

23 • വണ്ടമറ്റം ഇടവക വണ്ടനാക്കര ജിൽസൺ -ജയ ദമ്പതികളുടെ നാലാമത്തെയും അഞ്ചാമത്തെയും കുഞ്ഞുങ്ങളുടെ പ്രാരംഭകൂദാശാസ്വീകരണകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ പുതുതായി നിർമ്മിച്ച Boys' Hostel-ന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

• മുതലക്കോടം വികാരി ബഹു. അടപ്പൂർ ജോസഫ് അച്ചന്റെ സഹോദര ഭാര്യയുടെ മൃതശരീരത്തിങ്കൽ വെട്ടിമറ്റത്തുള്ള ഭവനത്തിൽ വച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

• കർമ്മലീത്താ സഭാംഗമായ ബഹു. ഹിൽഡാ സി.എം.സി. യുടെ മൃതശരീരത്തിങ്കൽ വാഴക്കുളം കർമ്മലീത്താ മഠം കപ്പേളയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

24 • പോത്താനിക്കാട് സെന്റ് സേവ്യേഴ്സ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

25 • വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ പുതിയ അദ്ധ്യയന വർഷത്തിന് തുടക്കം കുറിച്ചുകൊണ്ട് വി. കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു.

• പാപ്പുവ ന്യൂഗിനിയയുടെ പുതിയ അപ്പസ്തോലിക് നുൺഷ്യോയായി നിയമിതനായ ആർച്ച് ബിഷപ്പ് മാർ കുര്യൻ വയലുങ്കൽ പിതാവിന്റെ കോട്ടയത്തു നടന്ന മെത്രാഭിഷേക തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു.

26 • മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന മാതൃവേദി ഫൊറോന ഭാരവാഹികളുടെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

• വേളാങ്കണ്ണി തീർത്ഥാടനത്തിനിടയിൽ വാഹനാപകടത്തിൽ മരണമടഞ്ഞ, വെള്ളള്ള് (രാജഗിരി) ഇടവകാംഗം ഇളംതുരുത്തി

യിൽ ജസ്റ്റിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് പള്ളിയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

27-28 • ആലുവ, മംഗലപ്പുഴ സെമിനാരിയിൽ സെമിനാരി കമ്മീഷൻ വിസിറ്റ് നടത്തി.

28 • ചീനിക്കുഴി ഇടവാകംഗമായ മഠത്തിക്കണ്ടത്തിൽ ബ്രിജീറ്റിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

29 • എസ്.എ.ബി.എസ്. സഭാംഗമായ സി. എമിലിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മാറിക ആരാധനമഠം കപ്പേളയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

30 • നെടിയശാലയിൽ വച്ച് നടന്ന ഫാമിലി അപ്പോസ്റ്റലേറ്റിന്റെ മാറിക ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള ലീഡേഴ്സിന്റെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

31 • കൊടുവേലി ലിറ്റിൽഫ്ളവർ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

**ആഗസ്റ്റ്**

1-2 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സി.എൽ.സി. മീറ്റിംഗിൽ പങ്കെടുത്തു.

3 • വിജയപുരം രൂപതാംഗമായ ബഹു. പാണക്കാട്ട് അബ്രാഹം അച്ചന്റെ മൃതശരീരത്തിങ്കൽ നീറന്താനത്തുള്ള ഭവനത്തിൽ വച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

• സീറോ മലബാർ സഭയിൽ നിന്നും പുതിയതായി മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ സ്റ്റീഫൻ ചിറപ്പണത്ത് പിതാവിന് ബിഷപ്സ് ഹൗസിൽ സ്വീകരണം നൽകി.

4 • നാകപ്പുഴ ഇടവകാംഗങ്ങളായ കോതവഴിക്കൽ സിനോയി-സീത ദമ്പതികളുടെ നാലാമത്തെ കുട്ടിയുടെയും കോതവഴിക്കൽ അജീഷ്-അജി ദമ്പതികളുടെ രണ്ടാമത്തെ കുട്ടിയുടെയും പ്രവേശക കൂദാശാപരികർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

• എഫ്.സി.സി. സഭാംഗമായ സി. ജോയൽ എഫ്.സി.സി.യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് വാഴപ്പിള്ളിയിലുള്ള മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• കോതമംഗലം മൈനർ സെമിനാരിയിൽ 'വിയാനി ഡേ' -യോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.



5 • കത്തീഡ്രൽ ഇടവകാംഗമായ ഓലിയപ്പുറം ദേവസിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

• മൂവാറ്റുപുഴ നിർമ്മല ഫാർമസി കോളേജിൽ വച്ച് നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

6 • കാവക്കാട് സെന്റ് മർത്താസ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലുള്ള 'Old Age Home'-ൽ വി. കുർബാനയർപ്പിച്ചു.

• ചെങ്കര, നിർമ്മൽഗ്രാം ധ്യാനകേന്ദ്രത്തിൽ പുതിയതായി നിർമ്മിച്ച ചാപ്പലിന്റെ കൂദാശാകർമ്മം നിർവഹിച്ചു.

• മൂവാറ്റുപുഴ ഇടവകാംഗമായ മടേയ്ക്കൽ എം.പി. ചെറിയാന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മൂവാറ്റുപുഴ ഹോളിമാഗി പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

7 • പെരിങ്ങഴ ഇടവകാംഗമായ കാക്കനാട്ട് മേരിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

• പള്ളിക്കാമുറി ഇടവകാംഗമായ പടിഞ്ഞാറയിൽ ഔസേപ്പ് മത്തായിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

8-12 കെ.സി.ബി.സി. സമ്മേളനം.

## Bishop's Engagements

**SEPTEMBER 2016**

| | | | | |
|---|---|---|---|---|
| 1-2 | Thu-Fri | Synod | | |
| 3 | Sat | Family Apostolate Forane Meeting | Muvattupuzha | 1.30 pm |
| | " | Holy Qurbana and Blessing of Altar | Jai Rani Nirmala Students Hostel, Thodupuzha | |
| 4 | Sun | Blessing | Mother Theresa Home Nedumkunnam | 4.00 pm |
| 5 | Mon | Holy Qurbana and Blessing | Assisi Snehasadan, Kadalikad | 11.00 am |
| 6 | Tue | Holy Qurbana | Mullaringadu | 3.00 pm |
| 7 | Wed | Holy Qurbana | Nediasala | 4.00 pm |
| 8 | Thu | Holy Qurbana | Nakapuzha | 10.00 am |
| 10 | Sat | Holy Qurbana | Alangadu | 2.30 pm |
| 11 | Sun | Pastoral Visit | Perumpallichira | |
| 12 | Mon | Baptism | Mailacombu | 4.00 pm |

| | | | | |
|---|---|---|---|---|
| 13 | Tue | Presbyteral Council | NESTT | 10.00 am |
| | " | Meeting | NESTT | 11.30 am |
| 15 | Thu | Engaged | | |
| 17 | Sat | Family Apostolate Forane | | |
| | | Meeting | Muthalakodam | |
| | " | Meeting | Marady | 5.00 pm |
| | " | Christeen Retreat | Pothanikad | |
| 18-23 | | Priests' Retreat First Batch | | |
| 19 | Mon | Blessing | Pothanikad | 10.00 am |
| 23 | Fri | School Blessing | Purapuzha | 3.30 pm |
| 24 | Sat | Marriage | Muthalakodam | 11.00 am |
| | " | Meeting | Vazhithala | 3.00 pm |
| 25-30 | | Priests' Retreat Second Batch | | |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോൺ പിണക്കാട്ട് | ചരമദിനം | 02-10-2005 |
| ഫാ. ജോസഫ് പുത്തൻകുളം | ,, | 02-10-2005 |
| ഫാ. ആന്റണി നെടുമ്പുറം | ,, | 03-10-2008 |
| ഫാ. ജോസഫ് പെരുമ്പനാനിക്കൽ | ,, | 20-10-2002 |
| ഫാ. അഗസ്റ്റിൻ ചെമ്പരത്തി | ,, | 22-10-1964 |
| ഫാ. ജെയിംസ് വെമ്പിള്ളി (Sr.) | ,, | 22-10-1973 |
| ഫാ. ജോർജ് അറുകാലിൽ | ,, | 25-10-2003 |
| മോൺ. കുര്യാക്കോസ് നമ്പ്യാപറമ്പിൽ | ,, | 29-10-1971 |
| ഫാ. മാത്യു തറയിൽ | ,, | 31-10-2013 |

# നിര്യാതരായി

## റവ. സി. ഡാരിയ CMC (കളരിപ്പറമ്പിൽ)

ഇടവക : മൈലക്കൊമ്പ്
ജനനം : 30-01-1927
ആദ്യവ്രതം : 03-02-1948
നിത്യവ്രതം : 26-12-1953
മരണം : 13-07-2016
മൃതസംസ്കാരം : 14-07-2016 (വാഴക്കുളം മഠം)



## റവ. സി. ഹിൽഡാ CMC (കോടമുള്ളിൽ)

ഇടവക : കല്ലാനിക്കൽ
ജനനം : 04-08-1928
ആദ്യവ്രതം : 02-02-1952
നിത്യവ്രതം : 02-01-1957
മരണം : 23-07-2016
മൃതസംസ്കാരം : 24-07-2016 (വാഴക്കുളം മഠം)

## റവ. സി. എമിലി SABS (തകരപ്പിള്ളിൽ)

ഇടവക : പാറപ്പുഴ
ജനനം : 21-08-1932
ആദ്യവ്രതം : 11-01-1955
നിത്യവ്രതം : 15-04-1959
മരണം : 27-07-2016
മൃതസംസ്കാരം : 29-07-2016 (മാറിക)

## റവ. സി. ജോയൽ FCC

ഇടവക : രാമപുരം
ജനനം : 26-12-1945
ആദ്യവ്രതം : 01-05-1971
നിത്യവ്രതം : 01-05-1977
മരണം : 03-08-2016
മൃതസംസ്കാരം : 04-08-2016 (ഈസ്റ്റ് വാഴപ്പിള്ളി)

## റവ. സി. ഗെയിൽസ് SABS (മഠത്തിൽ)

ഇടവക : നെല്ലിമറ്റം
ജനനം : 23-11-1930
ആദ്യവ്രതം : 12-04-1956
നിത്യവ്രതം : 20-04-1960
മരണം : 09-08-2016
മൃതസംസ്കാരം : 11-08-2016 (മാറിക)